# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. 1898 – 08/03/2018 ലെ മറുപടിക്ക്**

## ധവളപത്രം സമർപ്പിക്കുന്നതിനുള്ള സാഹചര്യം


**ചോദ്യം**

**ശ്രീ.എം.ഉമ്മർ**

**ഉത്തരം**

**ഡോ. ടി. എം. തോമസ് ഐസക്**
**(ധനകാര്യവും കയറും വകുപ്പുമന്ത്രി)**


| | ചോദ്യം | ഉത്തരം |
|---|---|---|
| എ | സംസ്ഥാനത്ത് ധവളപത്രം സമർപ്പിക്കുന്നതിനുള്ള സാഹചര്യങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | സർക്കാരിന്റെ ദൈനംദിന ചെലവുകൾക്കു വേണ്ടി ട്രഷറി പൂട്ടാതെ മുന്നോട്ട് നയിക്കേണ്ട വെല്ലുവിളി നേരിടുന്നതിനോടൊപ്പം സർക്കാരിന്റെ പദ്ധതി മൂലധന ചെലവുകൾക്കുള്ള വിഭവ സമാഹരണത്തിന് ദൗർലഭ്യം നേരിടുന്ന തരത്തിൽ ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി നിലനിന്നിരുന്ന സാഹചര്യത്തിലാണ് സർക്കാർ ധവളപത്രം പുറപ്പെടുവിച്ചിട്ടുള്ളത്. |
| ബി | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുറപ്പെടുവിച്ച ധവള പത്രത്തിൽപറയുന്ന സാമ്പത്തിക സ്ഥിതിയിൽ നിന്നും എത്ര കണ്ട് മുന്നേറാൻ കഴിഞ്ഞിട്ടുണ്ട് എന്ന് വിശദമാക്കാമോ; | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ധവള പത്രം പുറപ്പെടുവിച്ച സമയത്തുള്ള സാമ്പത്തിക പ്രവണത തുടർന്നിരുന്നുവെങ്കിൽ സംസ്ഥാനം ഫലത്തിൽ 2017-18 ഓടെ സാമ്പത്തിക അരാജകത്വത്തിലേയ്ക്ക് പോകുമായിരുന്നു. സംസ്ഥാനം വർഷത്തിൽ ഭൂരിഭാഗം സമയത്തും ഓവർഡ്രാഫ്റ്റിൽ ആകുമായിരുന്നു എന്നു മാത്രമല്ല സംസ്ഥാനത്തിന്റെ വികസനവും വളർച്ചയും നിശ്ചലം ആകുകയും 2021 ഓടെ സംസ്ഥാനത്തിന്റെ റവന്യൂകമ്മി മൊത്തം ആഭ്യന്തര ഉല്പാദനത്തിന്റെ 3.25%ത്തിൽ എത്തുകയും ധനകമ്മി ഉയർന്ന തോതിൽ എത്തുകയും ചെയ്യുമായിരുന്നു. ബജറ്റ് വിഹിത പ്രകാരമുള്ള ക്ഷേമ ചെലവുകൾക്കോ, വികസന പരിപാടികൾക്കോ ചെലവഴിക്കാൻ പണം ഇല്ലാത്ത അവസ്ഥയിൽ സംസ്ഥാനം |

| | | |
|---|---|---|
| | | എത്തിച്ചേരുകയും ചെയ്തേനെ. സംസ്ഥാനത്തിന്റെ നിർബന്ധിത ചെലവുകളായ ശമ്പളം, പെൻഷൻ, വായ്പ തിരിച്ചടയ്ക്കൽ എന്നിവയിൽ സംസ്ഥാനം നിശ്ചയമായും വീഴ്ച വരുത്തുമായിരുന്നു. എന്നാൽ കർശനമായ സാമ്പത്തിക അച്ചടക്കം പാലിച്ചുകൊണ്ടും വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികളിലൂടെയും 2016-17 -ൽ റവന്യൂ കമ്മി 2.5 ശതമാനമായി നിലനിർത്താൻ കഴിഞ്ഞിട്ടുണ്ട്. ഇത് 2017-18 -ന്റെ പുതുക്കിയ കണക്കു പ്രകാരം 1.9 ശതമാനമായി താഴ്ത്തി നിശ്ചയിച്ചിട്ടുണ്ട്. 2018-19 -ൽ റവന്യൂ കമ്മി 1.6 ശതമാനമായി കുറച്ചുകൊണ്ടു വരാനും ധനകമ്മി അനുവദനീയമായ 3 ശതമാനത്തിനുള്ളിൽ പരിമിതപ്പെടുത്താനുമാണ് സർക്കാർ ലക്ഷ്യമിടുന്നത്. |
| സി | ധവളപത്രത്തിൽ പ്രതീക്ഷിച്ച റവന്യൂ വരുമാനത്തിലെ വർദ്ധനവ് എത്ര ശതമാനമായിരുന്നു; പ്രസ്തുത വർദ്ധനവ് നേടിയെടുക്കാൻ കഴിഞ്ഞിട്ടുണ്ടോ; | ധവളപത്രത്തിൽ പ്രതീക്ഷിച്ചിരുന്ന നികുതി പിരിവിന്റെ വർദ്ധനവ് 20 മുതൽ 25 ശതമാനം വരെ ആയിരുന്നു. എന്നാൽ നോട്ട് നിരോധനവും, ജി.എസ്.റ്റി. പ്രതീക്ഷിച്ച വളർച്ച കൈവരിക്കാത്തതും കാരണം നികുതി വരുമാനത്തിൽ പ്രതീക്ഷിച്ച വർദ്ധനവ് ഉണ്ടായില്ല. |
| ഡി | ചെലവ് കുറയ്ക്കുന്നതിനും സാമ്പത്തിക അച്ചടക്കം പാലിക്കുന്നതിനും എന്തൊക്കെ ശക്തമായ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ? | ചെലവ് കുറയ്ക്കുന്നതിന്റെയും സാമ്പത്തിക അച്ചടക്കം പാലിക്കുന്നതിന്റെയും ഭാഗമായി അനിവാര്യമായ വർക്ക് സ്റ്റഡി നടത്തിയശേഷം മാത്രമേ തസ്തികകൾ സൃഷ്ടിക്കുകയുള്ളൂ. തസ്തിക പുനർവിന്യാസം വഴിയും ഇ-ഗവേണൻസിന്റെ നേട്ടങ്ങൾ പ്രയോജനപ്പെടുത്തിയും റവന്യൂ ചെലവുകൾ നിയന്ത്രിക്കും. ബജറ്റ് വിഹിതത്തിനു പുറമേ അധിക തുകയ്ക്കുള്ള അനുമതി നൽകുന്ന പ്രവണത കുറച്ചുകൊണ്ടു വരും. സംസ്ഥാന സമ്പദ്‌വ്യവസ്ഥയുടെ നിയന്ത്രണത്തിനും നിരീക്ഷണത്തിനുമായി 2017 ഫെബ്രുവരി മുതൽ ഇന്റഗ്രേറ്റഡ് ഫിനാൻഷ്യൽ മാനേജ്മെന്റ് സിസ്റ്റം (IFMS) നടപ്പിലാക്കിയിട്ടുണ്ട്. അനാവശ്യ ചെലവുകൾ |

| | | |
|---|---|---|
| | | നിയന്ത്രിക്കുന്നതിന്റെ ഭാഗമായി വകുപ്പുകൾ പണം ചെലവഴിക്കാതെ ട്രഷറി അക്കൗണ്ടുകളിൽ സൂക്ഷിക്കുന്ന പ്രവണത നിയന്ത്രിക്കും. നിലവിലുള്ള ചെലവു ചുരുക്കൽ നിയന്ത്രണങ്ങൾ കർശനമായി പാലിക്കും. പുതിയ വാഹനങ്ങൾ വാങ്ങുന്നതിനു പകരം വാഹനങ്ങൾ വാടകയ്ക്ക് എടുക്കുന്നത് പ്രോത്സാഹിപ്പിക്കും. ഉദ്യോഗസ്ഥന്മാരുടെ വിദേശയാത്ര ഉൾപ്പെടെയുള്ള യാത്രാ ചെലവുകൾ, ടെലഫോൺ ചാർജ്ജുകൾ എന്നിവയും പുതിയ ഗ്രാന്റ്-ഇൻ-എയ്ഡ് സ്ഥാപനങ്ങൾ അനുവദിക്കുന്നതിനും നിയന്ത്രണം ഏർപ്പെടുത്തും.<br>റവന്യൂ കമ്മി കുറച്ചുകൊണ്ടുവരുന്നതിന്റെ ഭാഗമായി ഓരോ വർഷവും 20-30 ബേസിസ് പോയിന്റ് വീതം കുറയ്ക്കാനാണ് ഉദ്ദേശിക്കുന്നത്. 2016-17 -ൽ റവന്യൂ കമ്മി 2.5 ശതമാനമായിരുന്നു. 2017-18 -ലെ പുതുക്കിയ കണക്ക് പ്രകാരം ഇത് 1.9 ശതമാനമായി കുറഞ്ഞിട്ടുണ്ട്. 2018-19 -ൽ റവന്യൂ കമ്മി 1.6 ശതമാനമായി കുറയ്ക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. |

സെക്ഷൻ ഓഫീസർ